TB Movie Panel Weekly Review

**#moviepanel**

RUN

Written By: Jithin Sreedhar

Aneesh Chaganty എന്ന പേര് കേട്ടാൽ എത്ര പേർക്ക് മനസ്സിലാകും എന്നറിയില്ല. ഫഹദ് ഫാസിലിന്റെ കോവിഡ് ലോക്ക്ഡൗൺ സമയത്ത് ഇറങ്ങിയ c u soon എന്തായാലും നിങ്ങൾക്ക് ഓർമ്മയുണ്ടാകും. ആ സമയത്ത് ചർച്ചകളിൽ ഒക്കെ searching എന്ന ഒരു സിനിമയും നിറഞ്ഞു നിന്നിരുന്നു, അതേ ആഖ്യാന ശൈലിയിൽ അതിന് മുമ്പേ ഇറങ്ങിയ ഒരു മികച്ച ചിത്രം എന്ന നിലയിൽ!

പറഞ്ഞു വന്നത് അനീഷിനെ കുറിച്ചാണ്. Searching അദ്ദേഹത്തിന്റെ ആദ്യ സിനിമ ആയിരുന്നു. 1980 കളിൽ അമേരിക്കയിലേക്ക് ആന്ധ്രയിൽ നിന്നും കുടിയേറിയ ഒരു കുടുംബത്തിലെ, അമേരിക്കയിൽ തന്നെ ജനിച്ചു വളർന്ന ആളാണ് അദ്ദേഹം. ഇപ്പൊ രണ്ടാമത് ഒരു പടവും ആയി നെറ്റ്ഫ്ലിക്സ് കീഴടക്കാൻ ഇറങ്ങി തിരിച്ചുട്ടുണ്ട്. അതാണ് RUN

Searching എന്ന സിനിമ ചെയ്തവരുടെ അടുത്ത സിനിമ ആണെന്ന് അറിഞ്ഞത് കൊണ്ട് മാത്രമാണ് ആദ്യം ഒരല്പനേരത്തേക്ക് ഉള്ള അവ്യക്തതകളിൽ, ഇഴച്ചിലുകളിൽ ഇടക്ക് വെച്ചു ഉപേക്ഷിച്ചു വേറെ സിനിമ തേടി പോകാതെ ഇരുന്നത്. എന്തോ വെറുതെ ഒരു സിനിമ ഈ മനുഷ്യൻ ചെയ്യില്ല എന്നൊരു തോന്നൽ എവിടെയോ കിടന്നിരുന്നു. പ്രതീക്ഷ തെറ്റിക്കാതെ പതിയെ പതിയെ കൗതുകം ഉണർത്തിച്ചു, അവസാനഭാഗത്ത് അക്ഷരാർത്ഥത്തിൽ ഞെട്ടിച്ച ഒരു ട്വിസ്റ്റും തന്ന് കീഴടക്കി എന്നു തന്നെ പറയാം!

ജനന സമയത്തെ കുഴപ്പങ്ങൾ കൊണ്ട് അരക്ക് കീഴ്പ്പോട്ട് തളർന്നു പോയ മകളും, മകൾക്ക് വേണ്ടി ജീവിതം തന്നെ ഉഴിഞ്ഞു വെച്ച ഒരു അമ്മയും. ആ അമ്മയുടെ അതിരറ്റ സ്നേഹത്തിലും, കൃത്യമായ മരുന്നുകളുടെ സഹായത്തോടെയും, തന്നെ വീൽ ചെയറിൽ ആക്കിയ വിധിയോട് പൊരുതി വളരുന്ന പതിനേഴ് വയസ്സ് ഉള്ള ഒരു പെൺകുട്ടി. അവൾ ഒരു ദിവസം, യാദൃശ്ചികമായി തന്റേത് അല്ലാത്ത ഒരു മരുന്ന് അമ്മയുടെ ബാഗിൽ കണ്ടെത്തുന്നതും ,തുടർന്നു അത് എന്തെന്നറിയാൻ അവൾ നടത്തുന്ന 'ഓട്ടവും' ആണ് ചുരുക്കിപ്പറഞ്ഞാൽ ഇതിന്റെ കഥ.

സാറ പോൾസൺ അമ്മയായും, കൈറ അല്ലൻ മകളായും മികച്ച പ്രകടനം തന്നെ നടത്തിയിരിക്കുന്നു. Aneesh Chaganty യും Sev Ohanian നും ചേർന്ന് എഴുതിയ തിരക്കഥ, Sev Ohanian നും Natalie Qasabian നും ചേർന്ന്

നിർമ്മിച്ചിരിക്കുന്നു. സംഗീതവും, എഡിറ്റിങ്ങും അടക്കം സിനിമയുടെ മറ്റ് മേഖലകളിൽ പ്രവർത്തിച്ചവരും കൈ അടി അർഹിക്കുന്നു. മികച്ച ദൃശ്യാനുഭവം തന്നെ ലഭിക്കും എന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട, ധൈര്യമായി ഈ ചിത്രത്തിനായി സമയം മാറ്റി വെക്കാവുന്നത് ആണ് !